# പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 2954

13.03.2018-ൽ മറുപടിക്ക്

## തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി തുക വിനിയോഗം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എ.പി. അനിൽ കുമാർ | ഡോ. കെ. ടി. ജലീൽ<br>(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷ ക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി) |
| എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പദ്ധതി തുക വിനിയോഗിക്കുന്നതിൽ വേണ്ടത്ര പുരോഗതി 2017-18 സാമ്പത്തിക വർഷത്തിലും കൈവരിക്കുവാൻ സാധിക്കാത്തതിന്റെ കാരണം എന്താണ്;വിശദമാക്കുമോ; | എ) 2017-18 വാർഷിക പദ്ധതിയിൽ മുൻവർഷങ്ങളെ അപേക്ഷിച്ച് പുരോഗതി കൈവരിക്കുവാൻ സാധിച്ചിട്ടുണ്ട്. ലക്ഷ്യമിട്ട വിധത്തിലുള്ള പുരോഗതി കൈവരിക്കുവാൻ സാധിക്കാത്തതിന്റെ പ്രധാനപ്പെട്ട ചില കാരണങ്ങൾ ചുവടെ ചേർക്കുന്നു<br>1.ജി.എസ്.റ്റി നിലവിൽ വന്ന സമയത്ത് കരാറുകാർ ടെണ്ടർ നടപടികൾ ബഹിഷ്കരിച്ചതും മരാമത്ത് പണികൾ നിറുത്തി വച്ചതും<br>2.ട്രഷറികളിലെ ബിൽ പെൻഡിംഗ്<br>3.മരാമത്ത് പണികൾക്കാവശ്യമായ സാധന സാമഗ്രികളുടെ ലഭ്യതക്കുറവ്<br>4.എഞ്ചിനീയറിംഗ് വിഭാഗത്തിലെ ജീവനക്കാരുടെ കുറവ്<br>തദ്ദേശ ഭരണ സ്ഥാപനങ്ങളായ കോർപ്പറേഷനുകളും മുനിസിപ്പാലിറ്റികളും 2016-17 സാമ്പത്തിക വർഷത്തിൽ ഇതേ സമയം ചെലവഴിച്ചതിനേക്കാൾ കൂടുതൽ ശതമാനം പദ്ധതി വിഹിതം ചെലവഴിച്ചിട്ടുണ്ട്. 2017 ജൂലൈ 1 ന് ജി എസ് ടി നിലവിൽ വന്നതിനെ തുടർന്ന് മരാമത്ത് പണികളുടെ ടെണ്ടർ കരാറുകാർ എറ്റെടുക്കാത്ത സാഹചര്യമുണ്ടായി. 01/11/2017 ലെ സ ഉ (അച്ചടി) നം. 87/2017/തസ്വഭവ പ്രകാരം ജി എസ് ടി സംബന്ധിച്ച നിർദ്ദേശങ്ങൾ നൽകിയതിനു ശേഷമാണ് മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണം പുരോഗമിച്ചിട്ടുള്ളത്. |
| ബി) കഴിഞ്ഞ വർഷം പദ്ധതി തുക വിനിയോഗത്തിൽ പുരോഗതി കൈവരിക്കാത്ത സാഹചര്യത്തിൽ ഇതിൽ മാറ്റം വരുത്തുന്നതിന് പ്രതിമാസ, ത്രൈമാസ ലക്ഷ്യം നിശ്ചയിച്ചിരുന്നോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ; | ബി) 26/7/2017 ലെ ഡിഎ 1/529/(1)/2017/തസ്വഭവ സർക്കുലർ പ്രകാരം പദ്ധതി തുകയുടെ 25% ഒരോ ത്രൈമാസവും ചെലവഴിക്കണമെന്നും 2018 ഫെബ്രുവരി മാസത്തോടെ 85% പദ്ധതി തുകയും ചെലവഴിക്കണമെന്നും നിർദ്ദേശിച്ചിരുന്നു.<br>ഈ സാമ്പത്തിക വർഷത്തിന്റെ പ്രാരംഭത്തിൽ തന്നെ പദ്ധതി നിർവ്വഹണ കലണ്ടർ തദ്ദേശ സ്വയംഭരണ |

സ്ഥാപനങ്ങൾക്കായി നിശ്ചയിച്ച നൽകിയിരുന്നു. കൂടാതെ 28/10/2017 ലെ ഡി എ 1/750/2017 നമ്പർ സർക്കുലർ മുഖേന പ്രോജക്ടുകളുടെ നിർവ്വഹണം സംബന്ധിച്ച വ്യക്തമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകിയിരുന്നതാണ്. നഗരകാര്യ വകുപ്പിന്റെ പ്രതിമാസ അവലോകനയോഗങ്ങളിൽ പദ്ധതി നിർവ്വഹണത്തിൽ പിന്നിൽ നിൽക്കുന്ന നഗരസഭകൾക്ക് പ്രതിമാസലക്ഷ്യം നിശ്ചയിച്ച നൽകുകയും അടുത്ത മാസത്തിൽ വിലയിരുത്തുകയും ചെയ്തിട്ടുള്ളതാണ്.

സി) സമയബന്ധിതമായി പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിന് പതിമൂന്നാം പഞ്ചവത്സര പദ്ധതി രൂപീകരണ മാർഗ്ഗരേഖ പ്രകാരം നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ടോ; അതുപ്രകാരം പദ്ധതി ആസൂത്രണം സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് സാധിക്കാത്ത സാഹചര്യം എന്തുകൊണ്ടാണ് ഉണ്ടായതെന്ന് വ്യക്തമാക്കുമോ?

സി) 2017-18 വാർഷിക പദ്ധതി തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖയിൽ സമയബന്ധിതമായി പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിന് നിർദ്ദേശം നൽകിയിരുന്നു.

26/07/2017 ലെ ഡിഎ 1/529(1)/തസ്വഭവ സർക്കുലർ പ്രകാരം പദ്ധതി തുകയുടെ 25% ഓരോ ത്രൈമാസവും ചെലവഴിക്കണമെന്നും 2018 ഫെബ്രുവരി മാസത്തോടെ 85% പദ്ധതി തുകയും ചെലവഴിക്കണമെന്നും നിർദ്ദേശിച്ചിരുന്നു. 07/07/2017 ലെ ഡി എ 1/458/2017/തസ്വഭവ നമ്പർ സർക്കുലർ പ്രകാരം 2017-18 വാർഷിക പദ്ധതിക്ക് കലണ്ടർ നിശ്ചയിച്ച നൽകിയിരുന്നു.

01/07/2017 ൽ ജി എസ് ടി നിലവിൽ വന്നതിനെ തുടർന്ന് മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിൽ കാലതാമസമുണ്ടായിട്ടുള്ളതാണ്.

ജി.എസ്.ടി നിലവിൽ വന്നത് മൂലമുണ്ടായ പ്രശ്നങ്ങളും, പ്രാദേശികമായുണ്ടായ ടെണ്ടർ ബഹിഷ്കരണങ്ങളും മറ്റും മാർഗ്ഗരേഖ നിർദ്ദേശ പ്രകാരമുള്ള പദ്ധതി ആസൂത്രണത്തെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്.

ട്രഷറികളിലെ ബിൽ പെൻഡിംഗ്,

മരാമത്ത് പണികൾക്കാവശ്യമായ സാധന സാമഗ്രികളുടെ ലഭ്യതക്കുറവ്,

എഞ്ചിനീയറിംഗ് വിഭാഗത്തിലെ ജീവനക്കാരുടെ കുറവ് എന്നിവയും പദ്ധതി ആസൂത്രണത്തെ ബാധിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ